1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു.

2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിൽ COB മെസ്സേജ് സംവിധാനം നടപ്പിലാക്കിവരുന്നു.

5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ/കേസുകൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം സർക്കാർ നേരിട്ടാണ് നടത്തിവരുന്നത്. പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**വിജിലൻസ് വകുപ്പിനായി പ്ലാൻ ഫണ്ട്**

159 (4448) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വിജിലൻസ് വകുപ്പിനായി പ്ലാൻ ഫണ്ടിൽനിന്നും എത്ര തുകയാണ് അനുവദിച്ചിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുകയുടെ എത്ര ശതമാനമാണ് മാർച്ച് 7, 2018 വരെ ചെലവഴിക്കാൻ സാധിച്ചത്;

(സി) മേല്പറഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത വകുപ്പ് പ്ലാൻ ഫണ്ട് ചെലവഴിച്ചതിൽ മറ്റ് വകുപ്പുകളെ അപേക്ഷിച്ച് എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-2018 സാമ്പത്തിക വർഷത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആധുനികവത്ക്കരണത്തിനായി 4.50 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 3 കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിലും വകയിരുത്തിയിട്ടുണ്ട്.

(ബി &സി) 2018 മാർച്ച് 7 വരെ 57.18 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

**എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസുകൾക്ക് പ്രത്യേക കോടതി**

160 (4449) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നതിനായി പ്രത്യേക കോടതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോടതിയിൽ എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട ഏതെല്ലാം തരത്തിലുള്ള കേസുകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകൾ പരിഗണിക്കുന്നതിനായി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ കാറ്റഗറിയിൽ ഒരു സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി എറണാകുളത്ത് രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനം 3-3-2018 മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.